## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1561** **15.02.2016 ൽ മറുപടിയ്ക്ക്**

## നാളികേര വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേര വിലയിടിവ് മൂലം കേര കർഷകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; | (ബി) കൃഷി ഭവൻ വഴിയുള്ള നാളികേര സംഭരണം ഫലപ്രദമാകുന്നതായാണ് അറിയുവാൻ സാധിച്ചിട്ടുള്ളത്. |
| (സി) നാളികേരം സംഭരിക്കുന്നതിനും കർഷകർക്ക് മാന്യമായ വില നൽകുന്നതിനും തയ്യാറാകുമോ; | (സി) സംസ്ഥാന കൃഷിവകുപ്പും കേരഫെഡും സംയുക്തമായി തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ച നാളികേരം സംഭരിക്കുന്നുണ്ട്. പൊതുവിപണിയിൽ നാളികേരത്തിന് കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ വഴി കേരഫെഡ് നാളികേരം സംഭരിക്കുന്നത്. |
| (ഡി) നാളികേര കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നാളികേര കൃഷിയുടെ സംയോജിത വികസനത്തിനും നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുമായി കേരഗ്രാമം, കേരസമൃദ്ധി എന്നീ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

//